നം. സി1/13298/റ്റിസി/2010

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി 07.08.2010

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - എസ്റ്റിമേറ്റ് കമ്മിറ്റി - (2008-2011) - 14-ാം മത് റിപ്പോർട്ട് - ശുപാർശകളും നിർദ്ദേശങ്ങളും - സംബന്ധിച്ച്.

സൂചന:- 24.05.2010 തീയതിയിലെ സർക്കാർ കത്ത് നം. 5853/സി1/2010/ട്രാൻ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. ബഹു. കേരള നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2008-2011) യുടെ 14-)മത് റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന 23-)0 മത് ശുപാർശ ഹെഡ്ലൈറ്റ് ഡിം ചെയ്യാത്ത വാഹനങ്ങൾ പിടികൂടണമെന്നുള്ളതാണ്. രാത്രികാലങ്ങളിൽ ലൈറ്റ് ഡിം ചെയ്യാതെ വാഹനങ്ങൾ ഓടിക്കുന്നത് എതിരെ വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാർക്ക് പല തരത്തിലുള്ള പ്രയാസങ്ങൾ സൃഷ്ടിക്കാറുണ്ട്. ആയത് 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 360(3) പ്രകാരം കർശനമായും നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല ഇത് പലപ്പോഴും അപകടങ്ങൾക്ക് വഴിവെക്കാറുമുണ്ട്. ആയതിനാൽ രാത്രികാലങ്ങളിൽ ഹെഡ്ലൈറ്റ് ഡിം ചെയ്യാതെ വാഹനങ്ങൾ ഓടിക്കുന്നവർക്കെതിരെ നിയമാനുസരണമുള്ള കർശന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി.റ്റി.സി. (ടാക്സേഷൻ),
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്
11/8/10